forwarded via email

എഡി.എ VIII/2020

# ഓഫീസ് ഓർഡർ

വിഷയം: 21.03.2020 മുതൽ 20.04.2020 വരെയുള്ള കാലയളവിൽ ദിവസവേതനാടിസ്ഥാനത്തിലുള്ള ശമ്പളം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ- സംബന്ധിച്ച്.

21.03.2020 മുതൽ 20.04.2020 വരെയുള്ള 31 ദിവസത്തെ കാലയളവിൽ

21.03.2020- ശനി- സംസ്ഥാന സർക്കാർ അവധി പ്രഖ്യാപിച്ചിരുന്നു.

22.03.2020- ഞായർ

23.03.2020- തിങ്കൾ- പ്രവൃത്തി ദിവസം ആയിരുന്നുവെങ്കിലും ചിലയാളുകൾക്ക് യാത്രാസൗകര്യം ലഭ്യമാകാത്തതിനെ തുടർന്ന് ഹാജരാകാൻ സാധിച്ചിട്ടില്ല.

24.03.2020 മുതൽ 20.04.2020 വരെയുള്ള 28 ദിവസം ലോക്ക്ഡൗൺ കാലയളവിൽ ഉൾപ്പെടുന്നതാണ്. ഈ 28 ദിവസത്തിനുള്ളിൽ താഴെപ്പറയുന്ന 8 ദിവസങ്ങൾ പൊതു അവധി ദിവസങ്ങളായി നേരത്തെ പ്രഖ്യാപിച്ചിട്ടുള്ളതാണ്.

29.03.2020- ഞായർ

25.04.2020- ഞായർ

09.04.2020- പെസഹാ വ്യാഴം

10.04.2020- ദു:ഖവെള്ളി

11.04.2020- രണ്ടാം ശനി

12.04.2020-ഞായർ

14.04.2020- വിഷു

19.04.2020- ഞായർ

ലോക്ക് ഡൗൺ കാലയളവിലെ ശനിയാഴ്ചകൾ അവധി ദിനങ്ങൾ ആയിരിക്കുമെന്ന് സർക്കാർ നിർദ്ദേശം നിലവിലുണ്ട്, ആയതിനാൽ 28.03.2020, 04.04.2020, 18.04.2020 എന്നീ ശനിയാഴ്ചകളും അവധി ദിനങ്ങൾ ആണ്. ഈ സാഹചര്യത്തിൽ ചുവടെ ചേർത്തിരുക്കുന്ന രീതിയിൽ ശമ്പളം കണക്കാക്കുവാൻ രജിസ്ട്രാർ ഉത്തരവിട്ടിരിക്കുന്നു.

1. പ്രവൃത്തി ദിവസമായിരുന്ന 23.03.2020-ാം തീയതി കാഷ്വൽ ലേബറർമാർ ജോലിയ്ക്ക് ഹാജരായിരുന്നോ എന്നതിൽ അതാത് സെക്ഷൻ ആഫീസർമാർ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ശമ്പളം നൽകാവുന്നതാണ്.
2. 24.03.2020 മുതൽ 20.04.2020 വരെയുള്ള കാലയളവിലെ ലോക്ക് ഡൗൺ ദിവസങ്ങളായ 28 ദിവസത്തിൽ അവധി ദിനങ്ങളായ 11 ദിവസം ഒഴിച്ചുള്ള 17 ദിവസത്തേയ്ക്ക് ശമ്പളം അനുവദിയ്ക്കാവുന്നതാണ്. *(രണ്ടാമത്തെ 89 ദിവസം തീരുന്നവർക്ക് ആ ദിവസം വരെയുള്ള ശമ്പളം കണക്കാക്കിയാൽ മതിയാവുന്നതാണ്.)*
3. ഈ കാലയളവിൽ ആദ്യത്തെ 89 ദിവസം പൂർത്തികരിക്കുന്ന കാഷ്വൽ ലേബറർമാർക്ക് സാധാരണയായി 1 ദിവസത്തെ ബ്രേക്ക് നൽകി തുടർന്നുള്ള 89 ദിവസത്തേയ്ക്ക് കാലാവധി നീട്ടി നൽകാവുന്നതാണ്. *(ബ്രേക്ക് വരുന്നത് അവധി ദിവസമാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ബ്രേക്കായി കണക്കാക്കേണ്ടതാണ്)*

Deep

ഡെപ്യൂട്ടി രജിസ്ട്രാർ ( ഭരണവിഭാഗം I)

തീയതി: 23.04.2020

പകർപ്പ്:-

1. ഫിനാൻസ് ഓഫീസറുടെ പി.എ
2. ജോയിന്റ് രജിസ്ട്രാർ, കാര്യവട്ടം ക്യാമ്പസ്
3. ജോയിന്റ് രജിസ്ട്രാർ, ഫിനാൻസ്
4. ഡെപ്യൂട്ടി രജിസ്ട്രാർ, ഓഡിറ്റ്
5. ഇ.കെ I സെക്ഷൻ
6. ഡയറക്ടർ, സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ *(21.02.2020 മുതൽ 20.03.2020 വരെയുള്ള ഹാജർ സ്റ്റേറ്റ്മെന്റ് സഹിതം, മേൽ പ്രസ്താവിച്ച രീതിയിൽ വിവരങ്ങൾ എഡി.എ VIII സെക്ഷനെ അറിയിക്കേണ്ടതാണ്.)*
7. അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ, സർവ്വകലാശാല ലൈബ്രറി, എഡ്യൂക്കേഷൻ/ മ്യൂസിക്ക് ഡിപ്പാർമെന്റുകൾ, വിമൺസ് ഹോസ്റ്റൽ, തൈയ്ക്കാട്, സർവ്വകലാശാല പ്രസ്സ് *(ഈ വിഭാഗങ്ങളിൽ ജോലി ചെയ്യുന്നവരുടെ വിവരങ്ങൾ മേൽ പ്രസ്താവിച്ച രീതിയിൽ തയ്യാറാക്കി ada8kuty.gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്)*
8. പ്രിൻസിപ്പൽ, യൂ.ഐ.റ്റി, പിരപ്പൻക്കോട്